**മനുഷ്യചരിത്രത്തിനുള്ളിലെ ദിവ്യചരിത്രത്തിൽ, പ്രവൃത്തിക്കുന്ന ദൈവമെന്ന നിലയിൽ ജീവിക്കുന്ന ഒരു കൂട്ടം ആളുകളെ പ്രവൃത്തികളുടെ പുസ്തകം വെളിപ്പെടുത്തുന്നു**

**I. ക്രിസ്തുവിന്റെ സംഘാത ആവിഷ്കാരമെന്ന നിലയിൽ സഭയുടെ വ്യാപനത്തിനും കെട്ടുപണിക്കുമായി അവർ ജീവനിലും, സ്വഭാവത്തിലും, ആവിഷ്കാരത്തിലും, പ്രവർത്തനത്തിലും (ദൈവത്വത്തിലല്ല) ദൈവമായിത്തീർന്നിരിക്കുന്നു**

- മനുഷ്യചരിത്രത്തിലെ ദിവ്യചരിത്രം സമയത്തിന്റെ പാലത്തിലൂടെ ഭാവികാല നിത്യതയിലേക്കുള്ള ക്രിസ്തുവിന്റെ "നിത്യതയുടെ നാളുകൾ മുതലുള്ള... കടന്നുപോകലുകൾ" ആണ്, അങ്ങനെ അവന്റെ സംഘാത ആവിഷ്കാരത്തിനും പൂർണ്ണ തേജസ്കരണത്തിനുമായി സകല ജാതികളുടെയും വാഞ്ഛ എന്ന നിലയിൽ അവൻ തന്റെ തിരഞ്ഞെടുക്കപ്പെട്ടവരിലേക്ക് പകരുന്നു

**II. കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചുകൊണ്ടും, കർത്താവിന്റെ നാമത്തിനുവേണ്ടി കഷ്ടം സഹിച്ചുകൊണ്ടും, യേശുവിന്റെ നാമമായ, കർത്താവിന്റെ നാമത്തിൽ സംസാരിച്ചുകൊണ്ടും ദിവ്യ ചരിത്രത്തിൽ ജീവിക്കുന്നത്**

- കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്നതിന്റെ ചരിത്രമാണ്
- കർത്താവിന്റെ നാമത്തിനുവേണ്ടി കഷ്ടം സഹിക്കുന്നതിന്റെ ചരിത്രമാണ്
- യേശുവിന്റെ നാമത്തിൽ സംസാരിക്കുന്നതിന്റെ ചരിത്രമാണ്

**III. ഒരു ശരീരമായി ജീവിക്കുകയും, നീങ്ങുകയും, പ്രവർത്തിക്കുകയും ചെയ്തുകൊണ്ട് അവർ ശരീരത്തിലും, ശരീരത്തിലൂടെയും, ശരീരത്തിനുവേണ്ടിയും എല്ലാം ചെയ്യുന്നു**

- നാല് സുവിശേഷങ്ങൾ നമുക്ക് തലയുടെ ചിത്രവും പ്രവൃത്തികളുടെ പുസ്തകം ക്രിസ്തുവിന്റെ പുനരുൽപാദനവും തനിപ്പകർപ്പുമായ ശരീരത്തെയും കാണിക്കുന്നു

**IV. തങ്ങളെത്തന്നെ ത്യജിച്ചുകൊണ്ട് മറ്റൊരു ജീവനാൽ—ദിവ്യജീവനായ ക്രിസ്തുവിനാൽ—ജീവിക്കുന്നു; ക്രിസ്തുവിന്റെ ഈ സംഘാത ജീവിതമാണ് ക്രിസ്തുവിന്റെ ശരീരത്തിന്റെ യാഥാർഥ്യം**

- ദിവ്യചരിത്രത്തിലും, ദിവ്യജീവനാലും ജീവിക്കുന്നതിന്, അവനെ സ്നേഹിക്കുകയും, അവനെ സ്വീകരിക്കുകയും, അവനാൽ നിറയുകയും, അവനെ നമുക്ക് എല്ലാമാകുവാനും, നമ്മിലും നമ്മിലൂടെയും നമുക്കുവേണ്ടിയും എല്ലാം ചെയ്യുവാൻ അനുവദിക്കുകയും ചെയ്തുകൊണ്ട് നാം കർത്താവിന് തുറക്കപ്പെട്ട പാത്രങ്ങളായിരിക്കണം

**V. പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടർന്നുകൊണ്ട്; ഇത് അവന്റെ സ്വർഗീയ ശുശ്രൂഷയിൽ നമ്മുടെ മഹാപുരോഹിതനായ ക്രിസ്തുവുമായുള്ള ഏകോപനത്തിൽ അപ്പൊസ്തലിക ശുശ്രൂഷയിൽ ജീവിക്കുന്നതാണ്**

- പ്രാർഥനയിലൂടെ നാം സ്വർഗത്തിലുള്ള ക്രിസ്തുവിന്റെ ശുശ്രൂഷയുടെ പ്രതിഫലനമായിത്തീരുന്നു
- വചന ശുശ്രൂഷയിലൂടെ സ്വർഗീയ ജീവനായും ശക്തിയായും നാം ക്രിസ്തുവിനെ മറ്റുള്ളവരിലേക്ക് പകരുന്നു

**VI. ഭൂമിയിലെ ദൈവത്തിന്റെ നീക്കത്തിന്റെ കേന്ദ്രവും സഭയിലൂടെയുള്ള ദൈവത്തിന്റെ പ്രവർത്തനങ്ങളുടെ യാഥാർഥ്യവും ക്രിസ്തുവാണെന്ന് കാണിക്കുന്ന സങ്കീർത്തനം 68-ൽ കാണുന്ന ദിവ്യ ചരിത്രത്തിൽ ജീവിക്കുന്നു**

- ത്രിയേക ദൈവത്തെ നാം ദിനംപ്രതി ആസ്വദിക്കുകയും, സുവിശേഷ പ്രസംഗത്തിനുള്ള ഗതാഗതത്തിനും വ്യാപനത്തിനുമായി സുവിശേഷകന്മാരുടെ "തീരം" എന്ന നിലയിൽ നാം ക്രിസ്തുവിൽ വസിക്കുകയും വേണം

**VII. നമ്മോടുള്ള കരുണ എന്ന നിലയിൽ ക്രിസ്തു താൻ ആയിരിക്കുന്ന എല്ലാ വശങ്ങളുമായ പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനെ ദൈവത്തിന്റെ ആദ്യജാതനായ പുത്രനായും, ദാവീദിന്റെ വിശുദ്ധമായവ, വിശ്വസ്തമായവയായും തുടർമാനമായി ആസ്വദിക്കുകയും ജീവിക്കുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു**

- പുനരുത്ഥാനം ചെയ്ത ക്രിസ്തു കരുണകളും അനുഗ്രഹങ്ങളുമാണ്, അവൻ ദൈവം നമുക്ക് ഒരു വലിയ ഉപഹാരമായി നൽകുന്ന വിശുദ്ധമായവയും വിശ്വസ്തമായവയുമാണ്; ഈ ഉപഹാരം നമ്മുടെ സർവവും ഉൾക്കൊള്ളുന്ന കൃപയായിരിക്കുവാൻ പുനരുത്ഥാനം ചെയ്ത ക്രിസ്തു താൻതന്നെയാണ്

**മാളികമുറിയിലെ സമർപ്പണം**

**VIII. നാം പ്രവൃത്തികളുടെ പുസ്തകത്തിന്റെ തുടർച്ചയിൽ ആയിരിക്കണമെങ്കിൽ, മാളികമുറിയിലെ സമർപ്പണത്താൽ ദിവ്യ ചരിത്രത്തിൽ ജീവിക്കുന്നത് തുടരണം**

- കടൽത്തീരത്ത് പത്രൊസ് കർത്താവായ യേശുവിനെ അനുഗമിക്കുന്നതിനായി തന്റെ ജോലി ഉപേക്ഷിച്ചു, എന്നാൽ മാളികമുറിയിൽ അവൻ കൂടുതൽ കാര്യങ്ങൾ ഉപേക്ഷിച്ചു
- നമ്മുടെ മുഴുവൻ ആളത്തവും സ്വർഗീയ ദർശനത്തോട് "വിവാഹം" കഴിക്കപ്പെടുന്നതിന് വില നൽകുന്നതായ സമർപ്പണം
- നമ്മുടെ പിന്നിലുള്ള "പാലങ്ങൾ കത്തിച്ചുകളയണം"
- സ്വർഗീയ ദർശനം കാണുവാൻ കൺലേപമായി അഭിഷേകാത്മാവിനെ വാങ്ങാൻ നാം വില കൊടുക്കാൻ തയ്യാറാകണം
- കർത്താവിന്റെ പ്രത്യുദ്ധാരത്തിന്റെ മാർഗം എടുക്കുവാൻ വിലപിടിപ്പുള്ളതും വിലയേറിയതുമായ സമർപ്പണം ആവശ്യമാണ്
- പ്രത്യേകവും അസാധാരണവുമായ സമർപ്പണം ആവശ്യമാണ്.
- മാളികമുറിയിലെ നൂറ്റിയിരുപതുപേർ ഒരു ഹോമയാഗമായിത്തീർന്നു; അവർ ആത്മാവിൽ കർത്താവിനുവേണ്ടി എരിയുകയായിരുന്നു, അവർ മറ്റുള്ളവരെ ദിവ്യജീവന്റെ ദിവ്യാഗ്നികൊണ്ട് കത്തിച്ചു
- കർത്താവിന്റെ നീക്കം കണ്ണുകൾ തുറക്കപ്പെടുകയും അവരുടെ ഹൃദയം സ്പർശിക്കപ്പെടുകയും ചെയ്ത മാളിമുറിയിലുള്ളവരോടുകൂടെയായിരുന്നു.
- ലോകത്തെ കീഴ്മേൽ മറിക്കുകയും യുഗത്തെ മാറ്റുകയും ചെയ്യുന്നത് ഒരു ചെറിയ സംഖ്യയാണിത്; നമ്മൾ മാളികമുറിയിലാകണമെങ്കിൽ, ഒരു പ്രത്യേക രീതിയിൽ പ്രാർഥിക്കുകയും "കർത്താവേ, നിന്റെ സാക്ഷ്യത്തിന്റെ പ്രത്യുദ്ധാരത്തിനായി ഞാൻ മാളികമുറിയിൽ ആയിരിക്കാൻ തയ്യാറാണ്" എന്ന് പറയുകയും വേണം.